# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടുവം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.3/423/21


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

തീയ്യതി: 28/04/2021

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698


ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടുവം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.3/423/21 തീയ്യതി: 28/04/2021

## കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2020 മുതൽ 03-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ശശികുമാർ എം പി | ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ) | 04-03-2021 | 20-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-03-2021 | 20-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.വി.പ്രമോദ്-ഓഡിറ്റ് ഓഫീസർ,
ശ്രീ.ഗണേശൻ കേളോത്ത്-അസി.ഓഡിറ്റ് ഓഫീസർ (04-3-21മുതൽ 09-3-21 വരെ)
ശ്രീമതി.ധന്യ ലതീഷ്-ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ആനക്കിൽ ചന്ദ്രൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ബാലകൃഷ്ണൻ ടി വി | സെക്രട്ടറി | 01-04-2019 | 01-12-2019 |
| ശ്രീമതി രമ എം എം | സെക്രട്ടറി | 02-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മൃദുല എം.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി കൃഷ്ണ പി എം | കൃഷി ഓഫീസർ | 02-12-2019 | 31-03-2020 |
| ഡോ. ശ്രുതി എസ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 07-10-2019 |
| ഡോ.ഹാഫിസ് | വെറ്ററിനറി സർജ്ജൻ | 08-10-2019 | 21-02-2020 |
| ഡോ.സമീർ | വെറ്ററിനറി സർജ്ജൻ | 22-02-2020 | 31-03-2020 |
| ശ്രീ മനു പി രാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീമതി ഉഷ എം വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ജയപ്രകാശൻ എ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ധന്യ ഉണ്ണിക്കൃഷ്ണൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി അൽഫോൻസ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 04-12-2019 | 31-03-2020 |
| ശ്രീമതി സതി | ഹെഡ് മിസ്ട്രസ് | 10-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| എം.വി | | | |
| ശ്രീ സൈലേഷ് കുമാർ | വി.ഇ.ഒ | 16-10-2019 | 31-03-2020 |
| ശ്രീ. രാജേഷ് | ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-10-2019 |
| ശ്രീമതി ജോമിലി ജോസ് | കൃഷി ഓഫീസർ | 22-05-2019 | 01-12-2019 |
| കൃഷ്ണ പി.എം. | കൃഷി ഓഫീസർ | 01-04-2019 | 21-05-2019 |
| കൃഷ്ണ പി.എം | കൃഷി ഓഫീസർ | 02-12-2019 | 31-03-2020 |
| ശ്രീ. സ്നേഹേഷ് കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 03-12-2019 |
| ശ്രീമതി സൽമ തോമസ് | ഹെഡ്മിസ്ട്രസ് | 01-04-2019 | 05-06-2019 |
| ശ്രീമതി രമ്യ കെ.കെ. | ഹെഡ്മിസ്ട്രസ് | 06-06-2019 | 09-06-2019 |
| ശ്രീമതി സതി എ.വി. | ഹെഡ്മിസ്ട്രസ് | 10-06-2019 | 31-03-2020 |
| ശ്രീമതി ബബിത കെ. | വി.ഇ.ഒ. | 01-04-2019 | 15-10-2019 |
| ശ്രീമതി ബിന്ദ്യ കെ.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 09-02-2020 |
| ശ്രീമതി പാർവ്വതി ജി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 10-02-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pramod (Audit Officer, On 19-03-2021)<br>Last Updated By: Pramod (Audit Officer, On 28-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ganesan Keloth (Asst. Audit Officer, On 24-03-2021)<br>Last Updated By: Pramod (Audit Officer, On 28-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Pramod (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 24-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Pramod (Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Dhanya M (Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-7 |
| 8 | ക്ഷേമ പെൻഷൻ - മരണശേഷവും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിൽ കാലതാമസം<br>Written By: Dhanya M (Auditor, On 22-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-7-1 |
| 9 | കാഷ് പരിശോധന<br>Written By: Pramod (Audit Officer, On 16-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramod (Audit Officer, On 28-03-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-10 |
| 12 | വാർഷീക ധനകാര്യപത്രിക അപാകങ്ങൾ<br>Written By: Ganesan Keloth (Asst. Audit Officer, On 24-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-11 |
| 13 | തൊഴിൽനികുതി -അപാകങ്ങൾ<br>Written By: Dhanya M (Auditor, On 21-03-2021)<br>Last Updated By: Pramod (Audit Officer, On 29-03-2021) | 1-12 |
| 14 | തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Dhanya M (Auditor, On 21-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-12-1 |
| 15 | തൊഴിൽനികുതി റിട്ടേണുകൾ കൃത്യമായി പരിശോധിക്കുകയോ ആയത് പ്രകാരമുള്ള തുക ഈടാക്കുകയോ ചെയ്യുന്നില്ല<br>Written By: Dhanya M (Auditor, On 21-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-12-2 |
| 16 | തൊഴിൽനികുതി/സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-12-3 |

| | | |
|---|---|---|
| | Written By: Dhanya M (Auditor, On 21-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | |
| 17 | എഫ്.ടി. ഇ& ഒ.എസ് ലൈസൻസ് അപാകങ്ങൾ<br>Written By: Dhanya M (Auditor, On 21-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-13 |
| 18 | കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Dhanya M (Auditor, On 21-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-14 |
| 19 | വസ്തുനികുതി- കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതുമൂലം വരുമാനനഷ്ടം<br>Written By: Dhanya M (Auditor, On 21-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2021) | 1-15 |
| 20 | ഇ ടെണ്ടർ- ടെണ്ടർ ഫോറം വില തിരികെ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Pramod (Audit Officer, On 23-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-16 |
| 21 | തനത് വരുമാനച്ചോർച്ച ഒഴിവാക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.<br>Written By: Dhanya M (Auditor, On 22-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-17 |
| 22 | എസ്.സി വിധവകൾക്ക് കറവപ്പശു വിതരണം- സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും അധികം തുക നൽകി -5500/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Dhanya M (Auditor, On 22-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-18 |
| 23 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Dhanya M (Auditor, On 22-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-19 |
| 24 | അംഗൻവാടികളുടെ ഭൗതീകസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Dhanya M (Auditor, On 22-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-20 |
| 25 | മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് വിതരണം- രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുകയായ ₹55,444 തടസ്സപ്പെടുത്തുന്നു<br>Written By: Dhanya M (Auditor, On 22-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-21 |
| 26 | അംഗൻവാടി- വയറിംഗ് പൂർത്തീകരിച്ച് 2 വർഷത്തോളമായിട്ടും വൈദ്യുതി കണക്ഷൻ ലഭ്യമായില്ല- 106640/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Pramod (Audit Officer, On 22-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-22 |
| 27 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Pramod (Audit Officer, On 22-03-2021)<br>Last Updated By: Pramod (Audit Officer, On 22-03-2021) | 1-23 |
| 28 | തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിലെ പിന്നോക്കാവസ്ഥ<br>Written By: Pramod (Audit Officer, On 22-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-23-1 |

| | | |
|---|---|---|
| 29 | പ്രവൃത്തി പൂർത്തിയായ ശേഷവും മസ്റ്റർ റോളിൽ ഹാജർ<br>Written By: Pramod (Audit Officer, On 22-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-23-2 |
| 30 | നിരക്കിൽ അധികമായി നൽകിയ കൂലി 2700/- രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Pramod (Audit Officer, On 22-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-23-3 |
| 31 | കുടിവെള്ള വിതരണം-അനുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ചെലവ് നിർവ്വഹണം ഒഴിവാക്കേണ്ടതാണ്.<br>Written By: Pramod (Audit Officer, On 23-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-24 |
| 32 | മരാമത്ത് പ്രവൃത്തി<br>Written By: Pramod (Audit Officer, On 23-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-25 |
| 33 | വെള്ളക്കരം-42 ലക്ഷത്തോളം കുടിശ്ശിക ഡിമാന്റ്-നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.<br>Written By: Pramod (Audit Officer, On 23-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-26 |
| 34 | വാഹനപരിപാലനത്തിൽ സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Pramod (Audit Officer, On 23-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 1-27 |
| 35 | ലൈബ്രറിസെസ് സമയബന്ധിതമായി ഒടുക്കിയിട്ടില്ല.<br>Written By: Dhanya M (Auditor, On 28-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramod (Audit Officer, On 02-04-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramod (Audit Officer, On 20-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramod (Audit Officer, On 20-03-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Pramod (Audit Officer, On 20-03-2021) | 4-6 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramod (Audit Officer, On 20-03-2021) | 4-7 |
| 8 | സമാഹൃതഓഡിറ്റ് റിപ്പോർട്ട്<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramod (Audit Officer, On 20-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 4-10 |
| 11 | ദ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pramod (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-04-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്സ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 22.02.19 തീയതിയിലെ 28/19 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 856000 |
| വരവ് | 95574400 |
| ആകെ | 96430400 |
| ചെലവ് | 95305174 |
| നീക്കിയിരിപ്പ് | 1125226 |

07.03.2020 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനം നമ്പർ 15(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് റിവിഷൻ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച ഭരണസമിതി തീരുമാനത്തിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 11.06.2020 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തീക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7723738.47 |
| വരവ് | 32729003 |
| ആകെ | 40452741.47 |
| ചെലവ് | 31051159 |
| നീക്കിയിരിപ്പ് | 9401582.47 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 167584 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 71,48,541 | 71,48,541 | 68,07,865 | 3,40,676 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 32,95,588 | 32,95,588 | 10,24,447 | 22,71,141 |
| മെയിന്റനൻസ്, റോഡ് | 0 | 36,35,000 | 36,35,000 | 26,31,880 | 10,03,120 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 32,51,000 | 32,51,000 | 20,63,369 | 11,87,631 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 56,15,384 | 56,15,384 | 14,19,298 | 41,96,086 |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി | | 49,128 | 4,330 | 53, 458 | 16,000 | 37,458 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 50,30,484.50 | 50,30,484.50 | 50,30,484.5 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5,822 | 6,87,617 | 6,93,439 | 6,90,862 | 2,57,650 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ടി.എസ്.സി | | 91102 | 0 | 91102 | 0 | 91102 |
| ഐ.സി.ഡി.എസ് | | 765982 | 468806 | 1234788 | 1076351 | 158437 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| വിമുക്തി | | 55070 | 0 | 55070 | 0 | 55070 |
| കേരളോത്സവം | | 0 | 20000 | 20000 | 20000 | 0 |

ലഭ്യമായ ഫണ്ടുകളുടെ വിനിയോഗത്തിൽ തൻവർഷം ഗ്രാമപഞ്ചായത്ത് വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല.ആകെ അംഗീകാരം നേടിയ117 പ്രോജക്ടുകളിൽ 65 എണ്ണം മാത്രമേ പൂർണ്ണതോതിൽ നടപ്പാക്കുവാൻ സാധിച്ചിട്ടുള്ളൂ.അസി.ഇഞ്ചിനീയർക്ക് നിർവ്വഹണച്ചുമതല ഏല്പിക്കപ്പെട്ട 47 പ്രോജക്ടുകളിൽ 24 എണ്ണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.

സംരക്ഷണഗ്രാന്റ്(റോഡ്) 43,62,000/-രൂപ ലഭ്യമായതിൽ 26,31,880/- രൂപയും സംരക്ഷണഗ്രാന്റ് (റോഡിതരം)15,64,698/-രൂപയിൽ 5,08563/-രൂപയും മാത്രമേ 2019-20 വർഷം ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. പദ്ധതിനിർവ്വഹണം സാമ്പത്തികവർഷത്തിന്റെ അന്ത്യപാദത്തിലേക്ക് നീണ്ടതാണ് ഫണ്ട് വിനിയോഗത്തിലെ കുറവിന് കാരണമായത്.പട്ടികജാതിവികസനഫണ്ടിലെ വിനിയോഗക്കുറവും ശ്രദ്ധേയമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 117 | 52541260 | 87 | 18372430 | 22 | 30 | 57.7 |

(എ)ആസൂത്രണസമിതിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണനിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണസമിതിയെ സഹായിക്കുവാനായി രൂപീകരിക്കപ്പെട്ടതാണ് ആസൂത്രണസമിതി. ആസൂത്രണ പ്രകിയയിൽ വിവിധങ്ങളായ ചുമതലകൾ നിർവ്വഹിക്കേണ്ടുന്ന ഈ സമിതി 2019-20 വർഷത്തിൽ ഒറ്റത്തവണ മാത്രമേ യോഗം ചേർന്നതായി മിനുട്സിൽ രേഖപ്പെടുത്തിക്കാണുന്നുള്ളൂ. 15 അംഗങ്ങളുള്ള സമിതിയിലെ 8 പേർ മാത്രമേ പ്രസ്തുതയോഗത്തിൽ പങ്കെടുത്തിട്ടുള്ളൂ. ആസൂത്രണപ്രക്രിയയിൽ, ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ട ആസൂത്രണസമിതി വേണ്ടത്ര ഗൗരവബുദ്ധിയോടുള്ള ഇടപെടൽ നടത്തുന്നില്ല എന്നതാണ് ഇത് വ്യക്തമാക്കുന്നത്.

(ബി) വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിൽ പദ്ധതികളെപ്പറ്റി വിശദമായ ചർച്ചകൾ നടക്കുന്നതായി മിനുട്സിൽ രേഖപ്പെടുത്തിക്കാണുന്നില്ല. പദ്ധതിനിർവ്വഹണശേഷം മോണിറ്ററിംഗ് ഏജൻസികളായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ അത്തരം ചുമതലകൾ നിറവേറ്റുന്നതായോ, പദ്ധതിയുടെ നിർവ്വഹണഘട്ടത്തിൽ ഇടയ്ക്കിടെ പുരോഗതി അവലോകനം ചെയ്യുന്നതായോ രേഖപ്പെടുത്തി കാണുന്നില്ല

(സി) എസ്.സി.പി ഫണ്ട് ആവശ്യകതാനിർണ്ണയം നടത്താതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ വഴി പദ്ധതി നിർവ്വഹണം പ്രയാസം നേരിടുന്നു

പട്ടികജാതി വിഭാഗങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള പല പ്രോജക്ടുകളിലേയും അംഗീകരിക്കപ്പെട്ട ഗുണഭോക്തൃലിസ്റ്റിലെ ഗുണഭോക്താക്കൾ നിർവ്വഹണഘട്ടത്തിൽ പിൻമാറുന്ന സ്ഥിതിവിശേഷം ഗ്രാമപഞ്ചായത്തിലെ പദ്ധതിനിർവ്വഹണത്തിൽ ഉണ്ടായിട്ടുണ്ട്. പിന്നീട് പദ്ധതി നിർവ്വഹണത്തിനായി ഭരണസമിതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഗ്രാമസഭ സാധൂകരണം വാങ്ങുകയാണ് ചെയ്യുന്നത് ഉദാ:- പ്രോജക്ട് 108/20 സാധുക്കളായ വിധവകളുടെ വീടിന്റെ മേൽക്കൂര മാറ്റൽ എന്ന പ്രോജക്ടിൽ ഗുണഭോക്തൃലിസ്റ്റിലെ 10 ഗുണഭോക്താക്കളിൽ 3 പേർ മാത്രം നിർവ്വഹണത്തിന് തയ്യാറാവുകയും അധികഗുണഭോക്താക്കളെ ഗ്രാമസഭ വഴി കണ്ടെത്താൻ ഭരണസമിതി തീരുമാനിക്കുകയുമാണ് ഉണ്ടായത്. ശരിയായ ആവശ്യകതാനിർണ്ണയം നടത്താതെ പ്രോജക്ട് തയ്യാറാക്കുന്നു എന്നാണിതിൽനിന്നും വ്യക്തമാകുന്നത്

(ഡി) കെട്ടിടനിർമ്മാണപ്രവൃത്തിക്ക് സമാന്തരമായിതന്നെ ഇലക്ട്രിക്കൽ പ്രോജക്ടുകൾ നടപ്പാക്കാത്തതിനാൽ പൂർത്തിയായ കെട്ടിടം ഉപയോഗക്ഷമമാകുന്നില്ല

ഗ്രാമപഞ്ചായത്തിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം 2017-18 ൽ പൂർത്തീകരിച്ചെങ്കിലും വൈദ്യുതീകരണത്തിനുള്ള കാലതാമസം കാരണം 2020-21 വർഷത്തിൽ മാത്രമാണ് കെട്ടിടം ഉപയോഗക്ഷമമാക്കുവാൻ സാധിച്ചത്. നിർവ്വഹണപ്രവൃത്തിക്കൊപ്പംതന്നെ ഇലക്ട്രിക്കൽ പ്രവൃത്തികളുടേയും പ്രോജക്ട് അംഗീകാരം വാങ്ങാത്തത് വഴിയാണ് ഇത്തരം പോരായ്മകൾ സംഭവിക്കുന്നത്.

(ഇ) സാമൂഹികക്ഷേമത്തിന് ഊന്നൽ നൽകിയുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്

സമൂഹത്തിന്റെ പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള വൃദ്ധജനങ്ങൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമം മുൻനിർത്തി പകൽവീട്, ബഡ്സ് സ്കൂൾ പോലുള്ള സംവിധാനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടപ്പിലായിട്ടില്ല. പ്രാദേശിക സാമ്പത്തിക വികസനം മുൻനിർത്തിയുള്ള പ്രോജക്ടുകളും ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല. മാലിന്യസംഭരണകേന്ദ്രം സ്ഥാപിതമായിട്ടുണ്ടെങ്കിലും യഥാസമയം സംസ്കരണകേന്ദ്രത്തിലേക്ക് മാറ്റാത്തതിനാൽ മാലിന്യങ്ങൾ കുന്നുകൂടികിടക്കുന്ന അവസ്ഥയാണ്. സ്വന്തം മാലിന്യസംസ്കരണസംവിധാനം ഗ്രാമപഞ്ചായത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5822 | 687617 | 693439 | 690862.50 | 2576.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 5030484.50 | 5030484.5 | 5030484.5 | - |
| ആകെ | 5822 | 57,18,101.5 | 57,23,923.5 | 57,21,347 | 2576.5 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25,920 | 19 |
| കർഷകതൊഴിലാളി പെൻഷൻ | 21,70,800 | 376 |
| വിധവാപെൻഷൻ | 34,84,200 | 601 |
| വാർദ്ധക്യകാലപെൻഷൻ | 57,72,600 | 1074 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 13,06,500 | 217 |
| വിധവകളുടെ | 1,20,000 | 4 |

| | | |
|---|---|---|
| പെൺമക്കൾക്ക് വിവാഹ ധനസഹായം | | |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3,81,600 | 67 |

## 1-7-1 ക്ഷേമ പെൻഷൻ - മരണശേഷവും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിൽ കാലതാമസം

പട്ടുവം ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, ഈ ഓഫീസിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുന്നില്ല എന്ന് കണ്ടെത്തി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|
| അബ്ദുറഹ്മാൻ കെ | 778006492694 | 111080201113 | 25.01.2019 | 7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 9/20 വരെ മസ്റ്ററിംഗ് നടത്താത്തതിനാൽ തടഞ്ഞുവെച്ചു.നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റഡ് ആണ്. |
| എം കെ മുകുന്ദൻ | 210648946277 | 111080201133 | 01.07.2019 | 7/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 9/20 വരെ മസ്റ്ററിംഗ് നടത്താത്തതിനാൽ തടഞ്ഞുവെച്ചു.നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റഡ് ആണ്.. |
| രാജമ്മ | 929865436367 | 111080100186 | 30.06.2019 | ഡയരക്റ്റ് ടു ഹോം ആയതിനാൽ 5/19 മുതൽ തുക കൈമാറിയിട്ടില്ല.മസ്റ്ററിംഗ് നടത്താത്തതിനാൽ 7/19 മുതൽ തുക തടഞ്ഞുവെച്ചിട്ടുണ്ട്.പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. |

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ

നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരം പൂർണ്ണമായും നിർവ്വഹിച്ചതായി കാണുന്നില്ല.അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20)ഖ.13). ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന്(15/18.03.2021) മറുപടിയായി അധികമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെ പെൻഷൻ കാലതാമസം കൂടാതെ സസ്പെന്റ് ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2021 ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8798/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ നല്ലരീതിയിൽ വർത്തിച്ചുവരുന്നുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ കൃത്യമായ ജോലിവിഭജനം നടത്തി ചുമതലകൾ ഏൽപിച്ചുവരുന്നുണ്ട്. പഞ്ചായത്ത് ഓഫീസ് ജീവനക്കാരുടെ യോഗം 2019ഏപ്രിൽ മുതൽ ഫിബ്രവരി വരെ എല്ലാ മാസങ്ങളിലും കൃത്യമായി ചേർന്നിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ 10.02.2020 ന് ശേഷം 07.07.2020 നാണ് ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. ഓഫീസ് മീറ്റിംഗുകളിൽ ഓഫീസ് പ്രവർത്തനത്തിൽ സംഭവിക്കുന്ന പോരായ്മകൾ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. നികുതി പിരിവ് 100% കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകി വരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി എല്ലാദിവസവും ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

വിവിധ പ്രോജക്ടുകൾ വഴിയായി 2019-20 വർഷം വാങ്ങലുകളിലൂടെ ആർജ്ജിച്ച ആസ്തികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ആയതിൽ ആർക്കാണ് അനുവദിച്ചതെന്ന് രേഖപ്പെടുത്താത്തതിനാൽ അതിന്റെ വിനിയോഗം മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ആർജ്ജിച്ച ആസ്തികളിൻമേൽ പ്രോജക്ട് നമ്പറും വർഷവും രേഖപ്പെടുത്താത്തതിനാൽ ഭൗതീകപരിശോധനയ്ക്ക് പ്രയാസമനുഭവപ്പെടുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.03.2020 | 02/2020 | 18.03.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.02.2011 മുതൽ 03.03.2011 വരെ | 2005-06 മുതൽ 2009-10 വരെ | 11.04.2011 |

## 1-11 വാർഷീക ധനകാര്യപത്രിക അപാകങ്ങൾ

1)ദുരിതാശ്വാസനിധി-മുന്നിരിപ്പ്, വരവു-ചെലവ്, നീക്കിയിരിപ്പ് കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|
| 49746 | 3162 | 18000 | 37458 | വരേണ്ടുന്ന തുക 34908 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള പ്രസ്തുത കണക്കിൽ നീക്കിയിരിപ്പ്(37458) മാത്രമേ ബന്ധപ്പെട്ട ബേങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നുള്ളൂ.

2)വസ്തുനികുതി-സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുമായി പൊരുത്തമില്ല. അക്കൗണ്ടിലെ തൻവർഷ ഡിമാൻറ്, പിരിച്ചെടുത്തത്, പിരിച്ചെടുക്കുവാൻ ബാക്കി ഇവ തമ്മിൽ പൊരുത്തമില്ല.

| വാർഷിക ധനകാര്യപത്രിക പ്രകാരം | | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | |
|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻസ് |
| 2030490 | 2019309 | 3252043 | 323030 |

3.കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കിയിട്ടില്ല.

4.തൊഴിൽ നികുതി -ട്രേഡേഴ്സ്,ജീവനക്കാർ,ഡി ആന്റ് ഒ ലൈസൻസ് എന്നീ വരവിനങ്ങളുടെ ഡിമാന്റ്,കളക്ഷൻ ബാലൻസ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.ഡിആന്റ് ഒ രജിസ്റ്റർ പ്രകാരം ഡിസിബി ഇനത്തിൽ ബാലൻസ് ഇല്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ വാർഷിക ധനകാര്യപത്രികയിലെ ബി15 ഷെഡ്യൂളിൽ 1400 രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു.

5.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി. 4 പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം,ജില്ല പഞ്ചായത്ത് വിഹിതം എന്നിവയുടെ നീക്കിയിരിപ്പിന്റെ ഇനം തിരിച്ചുള്ള വിശദ വിവരം ലഭ്യമാക്കിയിട്ടില്ല.

6. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 9 – 350800101 – Liability In Respect Of Stale Cheques - ഹെഡിൽ ഉള്ള 52761 രൂപയുടെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

7.ബി-18 പ്രകാരം ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ 6000 രൂപ തിരികെ ലഭിക്കാൻ ബാക്കിയുള്ളതായി കാണുന്നു.സമയബന്ധിതമായി ഫെസ്റ്റിവെൽ അഡ്വാൻസ് തിരികെ ലഭിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

8.ബി-5 പ്രകാരമുള്ള ലോൺ തിരിച്ചടവ് സംബന്ധിച്ച വിവരം പരിശോധിക്കുന്നതിന് ആവശ്യമായ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

9.ബാലൻസ് ഷീറ്റ് ബി-4 ലെ കോഡ് നമ്പർ 320800299 (Beneficiary Contributions) കോഡ് നമ്പർ 320800299 (Donations To Flood) എന്നിവ 2018-19 വർഷം മുതൽ നീക്കിയിരിപ്പുള്ളതായി കാണുന്നു.പ്രസ്തുത തുക വിനിയോഗിക്കാത്തതിന് കാരണംു വ്യക്തമാക്കേണ്ടതാണ്.

10ലൈബ്രറി സെസ് മുന്നിരിപ്പ് ,വരവ്,നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| 31.03.2019ലെ നീക്കിയിരിപ്പ് B-9(2019-20) | 2019-20ലെ വരവ് (RP 29) | ആകെ | 2019-20 ൽ ഒടുക്കിയത് (RP -29) | 31.03.2020 ലെ നീക്കിയിരിപ്പ് (B-9(2019-20) |
|---|---|---|---|---|
| 97329 | 99263 | 196592 | 0 | 197092* |

യഥാർത്ഥത്തിൽ നീക്കിയിരിപ്പായി വരേണ്ടുന്ന തുക 196592 രൂപയാണ്.197092 രൂപ നീക്കിയിരിപ്പായി രേഖപ്പെടുത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

11.ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷാന്ത്യം സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12.സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ക്യാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

13.ബി-12 ഷെഡ്യൂളിലെ നിക്ഷേപങ്ങളുടെ പരിശോധനക്ക് ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

13.ലോൺ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

14.ബി11 ഷെഡ്യൂളിന് അനുസൃതമായി ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

15.ബ്ലോക്ക് പഞ്ചായത്തിന്റേയും ജില്ല പഞ്ചായത്തിന്റേയും മുന്നിരിപ്പ്,വരവ്,ചെലവ് ,നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

16.ബ്ലോക്ക് പഞ്ചായത്തിന്റേയും ജില്ലാപഞ്ചായത്തിന്റേയും മുഴവൻ ചെലവുകളും ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 തൊഴിൽനികുതി -അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ,കലയിലോ,ജോലിയിലോ,ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 1996 ലെ കേരളപഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 ൽ തൊഴിൽകരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളേയും വ്യക്തികളേയും തരം തിരിക്കേണ്ട വിധവും അങ്ങനെയുള്ളവരിൽ നിന്നും ഓരോ അർദ്ധവർഷത്തേക്കും ഈടാക്കേണ്ട തൊഴിൽനികുതിയും പ്രതിപാദിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-12-1 തൊഴിൽനികുതി ഈടാക്കിയില്ല

| ക്രമനമ്പർ | സ്ഥാപനം | ജീവനക്കാരന്റെ പേര് | തസ്തിക | കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ, പട്ടുവം | സുബൈദ എം.പി | നഴ്സിംഗ് അസിസ്റ്റന്റ് | ഒന്നാം അർദ്ധവർഷം | 28.07.2019 ന് ജോലിയിൽ പ്രവേശിച്ചു |

പ്രസ്തുത ജീവനക്കാരിയിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/12.03.2021) മറുപടിയായി തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-12-2 തൊഴിൽനികുതി റിട്ടേണുകൾ കൃത്യമായി പരിശോധിക്കുകയോ ആയത് പ്രകാരമുള്ള തുക ഈടാക്കുകയോ ചെയ്യുന്നില്ല

തൊഴിൽനികുതി റിട്ടേണുകൾ ബന്ധപ്പെട്ട സെക്ഷൻ കൃത്യമായി പരിശോധിക്കുകയോ ആയത് പ്രകാരമുള്ള തുക ഈടാക്കുകയോ ചെയ്യുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനം | ജീവന ക്കാരന്റെ പേര് | തസ്തിക | കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ടുന്ന തുക |
|---|---|---|---|---|---|---|---|
| 1 | ലൂർദ് കോളേജ് ഓഫ് നഴ്സിംഗ് | വരുണ പത്മജൻ | അസി. ലക്ച്ചറർ | ഒന്നാം അർദ്ധവർഷം | 72,000 | 450 | 600 |
| 2 | ലൂർദ് കോളേജ് ഓഫ് നഴ്സിംഗ് | റൂബി മാത്യു | അസി. ലക്ച്ചറർ | ഒന്നാം അർദ്ധവർഷം | 12,000 | 600 | 120 |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (10/12.03.2021) മറുപടിയായി തൊഴിൽനികുതി സ്റ്റേറ്റ്മെന്റുകൾ കൃത്യമായി പരിശോധിക്കുകയും നികുതി ഈടാക്കുകയും ചെയ്യുന്നതാണെന്നും തിരക്കിനിടയിൽ നോട്ടപ്പിശക്

കൊണ്ട് സംഭവിച്ചതാണെന്നും ആയത് പരിഹരിക്കുന്നതിന് സെക്ഷന് നിർദ്ദേശം നൽകുന്നതാണെന്നും കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12-3 തൊഴിൽനികുതി/സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല

1.സ്ഥാപനങ്ങളിൽ നിന്നുംതൊഴിൽനികുതി ഈടാക്കിയിട്ടില്ല. 2018-19 വർഷം തൊഴിൽനികുതി ഈടാക്കിയിട്ടുള്ള താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 വർഷം തൊഴിൽനികുതി/ സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമനമ്പർ | സ്ഥാപനം |
|---|---|
| 1 | കള്ള് ഷാപ്പ് ,പറപ്പൂൽ |
| 2 | കള്ള് ഷാപ്പ്, മുള്ളൂൽ |
| 3 | കള്ള് ഷാപ്പ് ,പട്ടുവം |
| 4 | കള്ള് ഷാപ്പ് ,കാവുങ്കൽ |
| 5 | കള്ള് ഷാപ്പ് ,മംഗലശ്ശേരി |

കോവിഡ് ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാൻ വിട്ടുപോയതാണെന്നും നികുതി ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

2.കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കോൺട്രാക്ടർമാരിൽ നിന്ന് 2019-20വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.(അന്വേഷണം 10/12.03.2021). തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-13 എഫ്.ടി. ഇ& ഒ.എസ് ലൈസൻസ് അപാകങ്ങൾ

1.ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ, വസ്തുവകകൾക്കോ ആപൽകരമോ അസഹ്യതയോ ഉണ്ടാക്കാനിടയുള്ളതായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ചട്ടപ്രകാരമുള്ള ലൈസൻസ് നേടേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളാണുള്ളത്. ഈ വാർഡുകളിലെല്ലാമായി 153 സ്ഥാപനങ്ങൾ 2019-20 വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വാണിജ്യ/വ്യവസായ ആവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച 870 കെട്ടിടങ്ങളുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 609 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിലുള്ളകെട്ടിടങ്ങൾ | 49 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിലുള്ളഷോപ്പിംഗ് മാളുകൾ | 15 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ പെട്ടികടകൾ,കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 2 |

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| ഓഡിറ്റോറിയം, അസംബ്ലി കെട്ടിടം | 20 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകൾക്കുള്ള ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 40 |
| വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 119 |
| ഇതരവ്യവസായ ആവശ്യത്തിനുളളവ | 16 |
| ആകെ | 870 |

മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 870 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. എന്നാൽ 153 സ്ഥാപനങ്ങൾ മാത്രമാണ് 2019-20 ലൈസൻസ് എടുത്തിട്ടുള്ളത്. 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം 188 ആണ്. രേഖകൾ പരിശോധിച്ചതിൽ നിന്നും 29 സ്ഥാപനങ്ങൾ 2019-20 വർഷം പുതുതായി ആരംഭിച്ചവയാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണം 166 ആണ്. ഇതിൽ നിന്നെല്ലാം ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (12/12.03.2021) മറുപടിയായി വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നുണ്ടെങ്കിലും പലതും ഉപയോഗിക്കാതെ കിടക്കുകയാണെന്നും കോവിഡിന്റെ തുടക്കം 2019-20 അവസാനമായതുകൊണ്ട് പലസ്ഥാപനങ്ങളും നിർത്തിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. ലൈസൻസ് ചട്ടപ്രകാരം 2019-20 വർഷത്തെ ലൈസൻസ് 2019 മാർച്ച് മാസത്തിനുള്ളിൽ എടുക്കേണ്ടതാണ്. ആയതിനാൽ തന്നെ 2019-20 വർഷലൈസൻസിനെ കോവിഡ് പ്രതിസന്ധി ബാധിക്കുന്നില്ല. ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച ഒഴിവാക്കുന്നതിനായി ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>2)ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് ഈടാക്കിയിട്ടില്ല.</u>

<u>2)ഉത്തരവ് പ്രാവർത്തികമാക്കിയതിലെ കാലതാമസം-</u> 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. പട്ടുവം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.01.2020 തീയതിയിലെ 9/9/20 നമ്പർ തീരുമാനത്തിൽ മേൽ ഉത്തരവ് പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളിൽ 01.04.2020 മുതൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഭേദഗതി ചട്ടമായിട്ടുകൂടി 10/2017 ൽ ഉത്തരവ് നിലവിൽ വന്നിട്ടും അത് പ്രാവർത്തികമാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ആയതിനാൽ തന്നെ 2019-20വർഷം പഞ്ചായത്തിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

## <u>1-14 കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്</u>

2019-20 കാലയളവിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ചേർത്ത വിവരങ്ങൾ പ്രകാരം 10 കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിൽ കൂട്ടിചേർക്കലുകൾക്ക് അനുമതി നൽകിയിട്ടുള്ളതും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണത്തിന് (11/12.03.2021) മറുപടിയായി പുതിയ ഭരണസമിതി ഇത്തരത്തിൽ മാറ്റം വന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള തീരുമാനം

എടുത്തിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തിക വർഷം മുതൽ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം മുൻവർഷങ്ങളിൽ കൂട്ടിചേർക്കലുകൾക്ക് അനുമതി നൽകിയിട്ടുള്ളതും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടുള്ളതുമായ കെട്ടിടങ്ങളെ ഫീൽഡ് തല പരിശോധന നടത്തി കണ്ടെത്തി അവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി- കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതുമൂലം വരുമാനനഷ്ടം

എഫ്.ടി.ഇ & ഒ.എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയസോഫ്റ്റ്‌വെയറിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്

| ക്രമനം ലൈസൻസ് രജിസ്റ്റർ പ്രകാരം | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം | ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം |
|---|---|---|---|---|
| 31 | 11/103 | ജനാർദ്ദനൻ | ഫർണ്ണിച്ചർ കട | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്/ കയർപിരി ഷെഡ് |
| 57 | 10/85 | ഇബ്രാഹിം പി | ചായക്കട | നികുതി/ ഉപനികുതി ഒഴിവാക്കിയ കെട്ടിടം |
| 65 | 10/54 | ലീല പി പി | ഫ്ലവർമിൽ | പാർപ്പിടം |
| 79 | 13/295 ബി,സി | അനസ് കെ പി | അറേബ്യൻ നൈറ്റ്സ് ഹോട്ടൽ | ഓഫീസ് ആവശ്യത്തിനുള്ളവ |

മേൽ അപാകം സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (14/15.03.2021) മറുപടിയായി തെറ്റായികിടക്കുന്ന ഉപയോഗക്രമങ്ങൾ മാറ്റുന്നതിനും നികുതി ആയതിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്തി ഇപ്രകാരം ഒക്കുപ്പൻസി തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളെ കണ്ടെത്തി ഇത് മൂലമുണ്ടായ നികുതി നഷ്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിലുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ഇ ടെണ്ടർ- ടെണ്ടർ ഫോറം വില തിരികെ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫോറം വില കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. 2019-20 വർഷം 13899/- രൂപ ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. മുൻവർഷങ്ങളിലുൾപ്പെടെ ഇപ്രകാരം ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 തനത് വരുമാനച്ചോർച്ച ഒഴിവാക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

തനത് വരുമാനം കുറഞ്ഞ ഗ്രാമപഞ്ചായത്തുകളിലൊന്നാണ് പട്ടുവം ഗ്രാമപഞ്ചായത്ത്. ഗ്രാമപഞ്ചായത്തിന്റെ

ആസ്തികൾ പരമാവധി പ്രയോജനപ്പെടുത്തി വരുമാന വർദ്ധനവ് ഉണ്ടാക്കുന്ന കാര്യത്തിൽ ഭരണസമിതി വേണ്ടത്ര ശ്രദ്ധപതിപ്പിച്ച് കാണുന്നില്ല.ഉദാഹരണം-

1.മുതുകട ചെമ്മീൻ ബണ്ട്-ഉപയോഗ്യമാക്കാത്തത് വഴി ഗ്രാമപഞ്ചായത്തിന് തുടർനഷ്ടം-

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുതുകട ചെമ്മീൻ ബണ്ടിലെ മത്സ്യ കൃഷി നടത്തിപ്പിനുള്ള അവകാശം പൊതുലേലം ചെയ്തത് വഴിയുള്ളവരവ് 2014-15 വർഷം വരെയേ ഉണ്ടായിട്ടുള്ളൂ.2014-15 ൽ 1,40,000 രൂപക്ക് ലേലം ചെയ്തതിന് ശേഷം ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാനമൊന്നുംലഭിച്ചിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് ഓഡിറ്റ് അന്വേഷിച്ചതിൽ ചെമ്മീൻ കെട്ടിലേക്കുള്ള നീരൊഴുക്ക് പ്രദേശം മണ്ണ് മൂടി തടസപ്പെട്ടതിനാലും മറ്റും ആരും ലേലം കൊള്ളാൻ തയ്യാറാകാത്തതിനാലാണ് ലേലനടപടികൾ സ്വീകരിക്കാത്തത് എന്നാണറിയിച്ചത്.2013-14 വാർഷിക പദ്ധതിയിലെ പ്രോജക്ട് നമ്പർ 56/2014 പ്രകാരം ചെളിനീക്കലിന് 1,70,000 രൂപയും പ്രോജക്ട് നമ്പർ 73 പ്രകാരം സ്റ്റോർറൂം നിർമ്മാണത്തിന് 2,00000 രൂപയുമടക്കം 3,77,000 രൂപ മുതുകട ചെമ്മീൻക്കണ്ടിക്കായി ഗ്രാമപഞ്ചായത്ത് വികസനഫണ്ട് ചെലവഴിച്ചിട്ടുള്ളതാണ്. ചെമ്മീൻക്കണ്ടി പരിഷ്കരിക്കപ്പെട്ടാൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതുവഴി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുമെന്നുള്ളത് കൊണ്ട് തന്നെ മത്സ്യബന്ധനവർക്കിംഗ് ഗ്രൂപ്പിൽ പലതവണ ഈ ആവശ്യം ഉയർന്നുവന്നുവെങ്കിലും പ്രസ്തുത ആസ്തി സംരക്ഷിച്ച് വരുമാനയോഗ്യമാക്കുന്നതിനാവശ്യമായ തുടർപ്രവർത്തനം ഭരണസമിതി കൈക്കൊള്ളത്തതിനാൽ ഫലത്തിൽ ഈ മേഖല വഴി ഗ്രാമപഞ്ചായത്തിനുള്ള വരുമാനം നിലച്ചിരിക്കയാണ്.

2. കുത്താട്ട് പ്രദേശം പൊതുലേലം നടക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 1.56 ഏക്ര പ്രദേശമായ കുത്താട്ട് പ്രദേശത്തെ മത്സ്യകൃഷി നടത്തിപ്പിനുള്ള പൊതുലേലവും 01.12.2017 ന് ശേഷം നടന്നിട്ടില്ല.അവസാനമായി 40,000/-രൂപയ്ക്ക് ലേലം നൽകിയ കുത്താട്ട് പ്രദേശം വഴിയുള്ള തനത് വരുമാനവും ഗ്രാമപഞ്ചായത്തിന് നിലവിൽ ലഭിക്കുന്നില്ല

ചെമ്മീൻ ബണ്ടുകളും മത്സ്യകൃഷി പ്രദേശങ്ങളും സംരക്ഷിച്ച് ഉപയുക്തമാക്കാത്തത് വഴി ഗ്രാമപഞ്ചായത്തിന് വരുമാനനഷ്ടമുണ്ടാകുമെന്ന് മാത്രമല്ല ദീർഘകാലം ആ പ്രദേശങ്ങൾ ഇതുപോലെ നിഷ്ക്രിയമായി കിടക്കുമ്പോൾ പഞ്ചായത്തിന്റെ അനുമതി കൂടാതെതന്നെ മറ്റുള്ളവർ അത് കൈയ്യേറി മത്സ്യകൃഷി നടത്തുവാനുള്ള സാധ്യതയുമുണ്ട്.

ഇത്തരം അനാസ്ഥകൾ ഒഴിവാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനവർദ്ധനവിനുപയുക്തമാകും രീതിയിൽ എല്ലാ ആസ്തികളും പ്രയോജനപ്പെടുത്തേണ്ടതിലേക്ക് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു

3.ഷോപ്പിംഗ് കോംപ്ലക്സ് - കെട്ടിടനിർമ്മാണം പൂർത്തിയായി 2 വർഷം കഴിഞ്ഞിട്ടും എല്ലാ മുറികളും വാടകയ്ക്ക് നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് 28.12.2017 ൽ പ്രവൃത്തി പൂർത്തിയായിട്ടുള്ളതാണ്.വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് കാരണം 2 വർഷങ്ങൾക്ക് ശേഷം മാത്രമാണ് പൂർത്തിയായ കെട്ടിടം വാടകയ്ക്ക് നൽകുന്നത്. അതും ആകെയുള്ള 13 മുറികളിൽ 5 എണ്ണം മാത്രമേ വാടകയ്ക്ക് നൽകിയിട്ടുള്ളൂ. മുഴുവൻ കെട്ടിടങ്ങളും വാടകയ്ക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിലുള്ള ഇത്തരം ചോർച്ചകൾ ഒഴിവാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-18 എസ്.സി വിധവകൾക്ക് കറവപ്പശു വിതരണം- സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും അധികം തുക നൽകി -5500/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ | 131 |
| പ്രോജക്ടിന്റെ പേര് | എസ്.സി വിധവകൾക്ക് കറവപ്പശു വിതരണം |
| വകയിരുത്തിയ തുക<br>ആകെ | ₹121500 വികസനഫണ്ട് എസ്.സി.പി<br>₹40500 മറ്റുള്ളവ |

| | |
|---|---|
| | ₹162000 |
| ചെലവു തുക | ₹40500 ബിൽ നമ്പർ / തീയ്യതി : 12/19-20/31.03.2021 |
| പ്രോജക്ടിന്റെ ലക്ഷ്യം | പാലുൽപ്പാദന വർദ്ധനവിനായി ഒരു കറവപ്പശുവിന് ആകെ തുക 54000/- , 75% സബിസിഡി, പരമാവധി 40500/- രൂപയാണ് നൽകുന്നത് 13500/- ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത്. |
| സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ നമ്പർ/തീയതി | 35/2019/09.12.2019 |
| ഭരണാനുമതിയുടെ നമ്പർ/തീയതി | 256/19/18.12.2019 |

എസ്. സി വിഭാഗത്തിൽപെട്ട വിധവകൾക്ക് കറവപ്പശു വിതരണം ചെയ്യുന്നതിനായുള്ള മേൽ പ്രോജക്ട് പ്രകാരം ശ്രീമതി.കണ്ടോത്ത് വളപ്പിൽ ചിയ്യയി എന്ന ഗുണഭോക്താവിന് കറവപ്പശുവിനെ വാങ്ങി നൽകുന്നതിന് വേണ്ടിയാണ് ചെലവ് തുകയായ ₹40500 ചെലവഴിച്ചിട്ടുള്ളത്. സ.ഉ(കൈ) സം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.2.1 പ്രകാരം കറവയുള്ള പശുവിന് പട്ടികജാതി വിഭാഗത്തിന് അനുവദിക്കാവുന്ന സബ്സിഡി നിരക്ക് 75% വും അനുവദിക്കാവുന്ന പരമാവധി തുക ₹35000 രൂപയുമാണ്. പശുവിന്റെ വിലയായ ₹54000/- രൂപയുടെ 75% ആയ ₹40500 ആണ് സബിസിഡിയായി നൽകിയിട്ടുള്ളത് . എന്നാൽ സബ്സിഡിയായി അനുവദിക്കാവുന്ന പരമാവധി തുക ₹35000 രൂപയാണ്. അധികതുക അനുവദിച്ചതിന് (40500-35000=5500)വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന് (2/08.03.2021) മറുപടിയായി പ്രോജക്ടിൽ നിഷ്കർഷിച്ച പ്രകാരമാണ് 75% സബ്സിഡി തുകയായ 40500/- രൂപ നൽകിയതെന്നും പ്രോജക്ട് രൂപപ്പെടുത്തിയത് ആ സമയത്തെ വെറ്ററിനറി സർജ്ജനായിരുന്നുവെന്നും പ്രോജക്ടിന് ഉന്നത ഓഫീസറിൽ നിന്ന് വെറ്റിംഗ് ലഭിക്കുകയും ഭരണസമിതിയുടേയും ഡി.പി.സിയുടേയും അംഗീകാരം ലഭിച്ചിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും അധികം നൽകിയ തുക -5500/- രൂപ തടസ്സപ്പെടുത്തുന്നു. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ അവ സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ടുള്ളവയാണെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി, ഭരണസമിതി ,നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | : പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രോജക്റ്റ് നമ്പർ | :23/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വെറ്റിനറി സർജൻ |
| അടങ്കൽ<br>ആകെ | :₹156250/-വികസനഫണ്ട്<br>₹156250/-(സംസ്ഥാനാവിഷ്കൃതം)<br>₹312500/മറ്റുള്ളവ<br>₹625000 |
| ബിൽ നമ്പർ/തീയതി | :2/19-20 14.1019 ₹156250 |

കന്നുകുട്ടികൾ ഉള്ള 25 ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്ട് . ഇതിനായി 156250/- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത് കാവുങ്കൽ ക്ഷീരോൽപാദക സഹകരണസംഘത്തിൽ നിന്നാണ്. ഓരോ പദ്ധതി വർഷത്തിലും ഈയിനത്തിൽ ഗുണഭോക്താക്കൾക്കു വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ അളവ്,ഗുണനിലവാരം എന്നിവ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമ്പോൾ വിനിയോഗിച്ച തുക എൻറോൾമെന്റ് സമയത്ത് എസ്.എൽ.ബി.പിയിൽ ഒടുക്കിയ തുകയുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. മുൻ വർഷങ്ങളിലെ തുക നീക്കിയിരിപ്പുണ്ടെങ്കിൽ ആയത് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 അംഗൻവാടികളുടെ ഭൗതീകസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പട്ടുവം ഗ്രാമപഞ്ചായത്തിൽ ആകെ 17 അംഗൻവാടികളാണുള്ളത്. അവയുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഭൗതിക സാഹചര്യം | അംഗൻവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 3 |
| 2 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 3 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 6 |
| 4 | ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സൗകര്യം ഇല്ലാത്തവ | 17 |
| 5 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 16 |
| 6 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 16 |
| 7 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടികളുടെ എണ്ണം | ഇല്ല |

തദ്ദേശസ്വയംഭരണ(ഡിസി) വകുപ്പിന്റെ 3-9-2010 തീയതിയിലെ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2019-20 വാർഷീക ധനകാര്യ പത്രിക ബി 4 ഷെഡ്യൂൾ പ്രകാരം 320100121 Centrally Sponsored Scheme- ICDS എന്ന ഹെഡിൽ 158437/- രൂപ നീക്കിയിരിപ്പുണ്ട്. ടി തുക മേൽ നിർദ്ദേശം പാലിക്കുന്നതിലേക്കായി ഉപയോഗിക്കാവുന്നതാണ്. ആയതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് വിതരണം- രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുകയായ ₹55,444 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| | |

| | |
|---|---|
| പ്രോജക്ട് നമ്പർ | 12 |
| പ്രോജക്ടിന്റെ പേര് | മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് വിതരണം |
| വകയിരുത്തിയ തുക | ₹60000 വികസനഫണ്ട് |
| ചെലവു തുക | ₹55,444 ബിൽ നമ്പർ / തീയ്യതി : 1/19-20/26.02.2020 |

മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം എന്ന മേൽ പ്രോജക്ട് പ്രകാരം 2 വിദ്യാർത്ഥികൾക്ക് കെൽട്രോൺ വഴി ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2019-20 വർഷത്തെ ഈ പ്രോജക്ടിന്റെ ഭാഗമായുള്ള ലാപ്ടോപ്പ് വിതരണം നടത്തിയിരിക്കുന്നത് 3/2021 നാണ്. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായുള്ള ഇത്തരം പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയിട്ടില്ല

2.കമ്പ്യൂട്ടറിന്റെ ഇൻവോയ്സ്(കെൽട്രോണിന്റെ) പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

3.ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിലെ മേലധികാരിയുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കില്ല

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/18.03.2021) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹55,444 തടസ്സപ്പെടുത്തുന്നു.

## 1-22 അംഗൻവാടി- വയറിംഗ് പൂർത്തീകരിച്ച് 2 വർഷത്തോളമായിട്ടും വൈദ്യുതി കണക്ഷൻ ലഭ്യമായില്ല- 106640/- രൂപ തടസ്സപ്പെടുത്തുന്നു

മുള്ളൂൽ അങ്കൻവാടി വയറിംഗിനായി ചുവടെ ചേർത്ത പ്രകാരം 1,06,640/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം പേര്/ | ഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|---|
| സെക്രട്ടറി | 84/20 ,മുള്ളൂൽ സബ്സെന്റർ കെട്ടിടം വയറിംഗ് | വികസനഫണ്ട് | 106640 | 2/30.04.19 | ശ്രീ.ഷാജി ജോർജ് ,കരാറുകാരൻ |

പ്രസ്തുത സ്ഥാപനത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമായത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (18/18.03.2021) നാളിതുവരെയായും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. വയറിംഗ് പൂർത്തിയാക്കി 2 വർഷത്തോളമായിട്ടും വൈദ്യുതി കണക്ഷൻ ലഭ്യമാക്കാതിരുന്നത് ശരിയായ നടപടി ക്രമമല്ല. കണക്ഷന്റെ അഭാവത്തിൽ വയറിംഗിനായി ചെലവഴിച്ച 1,06,640/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

### 1-23-1 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിലെ പിന്നോക്കാവസ്ഥ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ 2019-20 വർഷത്തെ അംഗീകൃത ആക്ഷൻപ്ലാൻ പ്രകാരം 761 പദ്ധതികൾക്കായി 29358000/- രൂപയുടെ അടങ്കലായിരുന്നുവിഭാവനം ചെയ്തിരുന്നത്. എന്നാൽ 5975000/- രൂപ ചെലവഴിച്ച് കേവലം 37 പദ്ധതികൾ മാത്രമേ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. ഇക്കാലയളവിൽ 65000 തൊഴിൽദിനങ്ങൾ ലക്ഷ്യമിട്ടെങ്കിലും 17341 തൊഴിൽദിനങ്ങളാണ് സൃഷ്ടിച്ചത്. അതായത് ലക്ഷ്യമിട്ടതിന്റെ 27% തൊഴിൽദിനങ്ങൾ മാത്രമേ നൽകുവാൻ സാധിച്ചിട്ടുള്ളൂ. മുൻവർഷത്തെ തൊഴിൽദിനത്തേക്കാൾ 30% ത്തോളം

കുറവാണിത്. ഓരോ ഗ്രാമീണകുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 തൊഴിൽദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യാൻ ലക്ഷ്യമിട്ട ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം തൊഴിൽ ആവശ്യപ്പെട്ട 552 കുടുംബങ്ങളിൽ 5 കുടുംബങ്ങൾക്ക് മാത്രമേ 100 തൊഴിൽദിനങ്ങൾ നൽകുവാൻ സാധിച്ചിട്ടുള്ളൂ.

## 1-23-2 പ്രവൃത്തി പൂർത്തിയായ ശേഷവും മസ്റ്റർ റോളിൽ ഹാജർ

8ാം വാർഡിലെ ആയിഷ.പി.എം എന്ന ഗുണഭോക്താവിന്റെ പുരയിടത്തിൽ ജലസംരക്ഷണ പ്രവൃത്തിയുടെ ഭാഗമായി 01.07.2019 ന് പൂർത്തീകരിച്ച കിണർ നിർമ്മാണ പ്രവൃത്തി(വർക്ക് കോഡ് 302440) ക്ക് പ്രവൃത്തി പൂർത്തിയായതിന് ശേഷവും 02.07.2019-08.07.2019 വരെ മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തികാണുന്നു. ഇക്കാര്യം ശ്രദ്ധയിൽപെട്ടതിനെതുടർന്ന് അധിക കാലയളവിലെ തുക അനുവദിക്കാതെ മസ്റ്റർ റോൾ റദ്ദാക്കുകയാണുണ്ടായത്. പ്രവൃത്തി നിർവ്വഹണമേൽനോട്ടത്തിലും രേഖപ്പെടുത്തലിലുമുണ്ടാവുന്ന ഇത്തരം അശ്രദ്ധകൾ ഒഴിവാക്കേണ്ടതാണ്.

## 1-23-3 നിരക്കിൽ അധികമായി നൽകിയ കൂലി 2700/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

വർക്ക് കോഡ് 302240 പ്രകാരം എട്ടാം വാർഡിലെ ആയിഷ.പി.എം എന്ന ഗുണഭോക്താവിന്റെ പുരയിടത്തിൽ കിണർനിർമ്മാണപ്രവൃത്തി നടത്തിയതിന് 11.06.2019 മുതൽ 30.06.2019വരെ 18 ദിവസം ജോലി ചെയ്തതിന് 1000/- രൂപ പ്രതിദിന നിരക്കിൽ അബ്ബാസ് കെ.കെ (മേസൺ) എന്നവർക്ക് 18000/- രൂപ അനുവദിച്ചിട്ടുണ്ട് (ബിൽ നമ്പർ KL1602011008-200719FT0-144752 തീയതി 20.07.19). പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം മേസൺ(2nd ക്ലാസ്) അനുവദിക്കാവുന്ന പ്രതിദിന നിരക്ക് 850/- രൂപയാണ്. 850*18=15300/- രൂപ കൂലിയിനത്തിൽ നൽകേണ്ടതിന് പകരം പ്രസ്തുത പ്രവൃത്തിക്ക് 1000*18= 18000/- രൂപ നൽകിയത് വഴി 2700/- രൂപ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന്(22/20.03.2021) തുക തിരികെ ഈടാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് .കൂലി ഇനത്തിൽ അധികമായി നൽകിയ 2700/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-24 കുടിവെള്ള വിതരണം-അനുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ചെലവ് നിർവ്വഹണം ഒഴിവാക്കേണ്ടതാണ്.

ഫണ്ട്-പഞ്ചായത്ത് ഫണ്ട്

ഫങ്ഷനറി-സെക്രട്ടറി

ഫംങ്ഷൻ-അഡ്മിനിസ്ട്രേഷൻ

ഹെഡ് ഓഫ് അക്കൗണ്ട്-350100201

വൗച്ചർ നമ്പർ-21900831/27.03.2020 -തുക 6,73,440 രൂപ

ഗ്രാമപഞ്ചായത്തിലെ വരൾച്ചബാധിതപ്രദേശങ്ങളിൽ 12.04.2019 മുതൽ 14.06.2019 വരെ കെഎൽ 59സി-7353 നമ്പർ ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം നടത്തിയതിന് വിതരണക്കാരനായ ശ്രീ.എൻ പി അബ്ദുൾസലാമിന് തനത് ഫണ്ടിൽ നിന്നും 6,66,637/- രൂപ മേൽ വൗച്ചർ പ്രകാരം അനുവദിക്കുകകയുണ്ടായി.

പ്രസ്തുത ചെലവ് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.കുടിവെള്ളവിതരണത്തിന് ജിപിഎസ് ട്രാക്കിംഗ് സംവിധാനം ഘടിപ്പിച്ച ടാങ്കർലോറികൾ ഉപയോഗിക്കണമെന്ന് ഗവൺമെന്റ് വിവിധ ഉത്തരവുകൾ വഴിയായി വ്യവസ്ഥ ചെയ്തിരിക്കെ ജിപിഎസ് സംവിധാനമില്ലാത്ത വാഹനമുപയോഗിച്ചാണ് കുടിവെള്ള വിതരണം നടത്തിയത്.
2.കേരളവാട്ടർഅതോറിറ്റിയുടെ കാഞ്ഞിരങ്ങാട് ഫില്ലിംഗ്സ്റ്റേഷനിൽ നിന്നും കുടിവെള്ളം ശേഖരിച്ച് ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്തതിന് കിലോമീറ്ററിന് 69/- രൂപ നിരക്കിലാണ് തുക നൽകിയത്.ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ച രേഖകൾ, നിരക്ക് അംഗീകരിച്ച വിവരം വ്യക്തമാക്കുന്ന രേഖകൾ എന്നിവ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.വിതരണക്കാരൻ ലഭ്യമാക്കിയ ട്രിപ്പ്ഷീറ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ പ്രദേശങ്ങളിലായി ഒരു ദിവസം 5 ട്രിപ്പും പിറ്റേ ദിവസം 4 ട്രിപ്പും എന്ന തോതിൽ ആണ് വാഹനം സഞ്ചരിച്ചതായി കാണിച്ചിട്ടുള്ളത്.ട്രിപ്പ് ഷീറ്റ് ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓരോ ട്രിപ്പിനും സഞ്ചരിച്ച ദൂരം എത്രയെന്ന് ബന്ധപ്പെട്ട കോളത്തിൽ ചേർത്തിട്ടില്ല.കിലോമീറ്റർ നിരക്കിലാണ് വിതരണക്കാരന് തുക നൽകേണ്ടതെന്നിരിക്കെ ഓടിയ ദൂരം സംബന്ധിച്ച് അവ്യക്തതയുള്ള ട്രിപ്പ് ഷീറ്റിൽ നിന്നും ഒരു ദിവസം 160, അടുത്ത ദിവസം 150 എന്ന തോതിൽ ഒരു ഏകദേശദൂരം അംഗീകരിച്ച് കൊണ്ട് ആകെ സഞ്ചരിച്ച ദൂരം 9760 കിലോമീറ്ററായി കണക്കാക്കി തുക നൽകുവാൻ 22.02.20 ലെ ഭരണസമിതി യോഗം തീരുമാനിക്കുകയാണുണ്ടായത്.

ഇപ്രകാരം ഒരു അനുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 2019-20 വർഷം കുടിവെള്ളവിതരണത്തിന് തനത്ഫണ്ടിൽ നിന്നും കിലോമീറ്ററിന് 69 രൂപ നിരക്കിൽ 666637/- രൂപ നികുതി കുറവ് വരുത്തിയ ശേഷം വിതരണക്കാരന് നൽകിയിട്ടുള്ളത്.(ചെക്ക് നമ്പർ 2877001 തീയതി 27.03.20).

ഇതിൽനിന്നും സുതാര്യവും കാര്യക്ഷമവുമായ രീതിയിലല്ല 2019-20 വർഷത്തിൽ കുടിവെള്ളവിതരണം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. തനത് ഫണ്ട് താരതമ്യേന കുറഞ്ഞ ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്ന തുകയുടെ പൂർണ്ണമൂല്യം ഉറപ്പുവരുത്തേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-25 മരാമത്ത് പ്രവൃത്തി

മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1)നിർവ്വഹണ അപാകങ്ങളും പിഴ ഈടാക്കാത്തതും

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 90/20 |
| പ്രോജക്ടിന്റെ പേര് | വിവിധ അംഗൻവാടികൾക്ക് ചുറ്റുമതിൽ നിർമ്മാണം |
| വകയിരുത്തിയ തുക | ₹360232 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവു തുക | ₹266459 ബിൽ നമ്പർ / തീയ്യതി : 20/19-20/22.01.2020 |
| എം ബുക്ക് | 31/18-19 |

കുഞ്ഞിമുട്ടം,മാണക്കര അംഗൻവാടികൾക്ക് ചുറ്റുമതിൽ നിർമ്മാണത്തിനുള്ള പ്രസ്തുത പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കാണുവാൻ സാധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ശ്രീ.പി.വി.കുമാരൻ എന്നവർക്ക് ടെണ്ടർ മുഖേന ഏൽപ്പിച്ച പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ടിയാനുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിലേർപ്പെട്ടില്ല

2)25.09.2018 തീയതിയിലുള്ള സൈറ്റ് കൈമാറൽ രേഖയിൽ കരാറുകാരൻ ഒപ്പിട്ടിട്ടില്ല

3)പ്രവൃത്തി പൂർത്തീകരിച്ചതായുള്ള പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല

4)2019-20ലെ എഗ്രിമെന്റ് രജിസ്റ്റർ പേജ് 13 പ്രകാരം 24.03.2019നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത്.അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം 16.10.19 നാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.കരാറുകാരനിൽ നിന്നും നിർവ്വഹണകാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല

2).പ്രവൃത്തിയുടെ പൂർത്തീകരണത്തീയതി രേഖപ്പെടുത്തുന്നില്ല

പ്രവൃത്തിക്കായി ചമക്കുന്ന കരാറിലോ, കരാറുകാരന് നൽകുന്ന വർക്ക്ഓർഡറിലോ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2005 അനുശാസിക്കും പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയപരിധി രേഖപ്പെടുത്തുന്നില്ല. ആയതിനാൽത്തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലപരിധിയും പ്രസ്തുത തീയതിക്കകം ആയത് പൂർത്തീകരിച്ചുവോയെന്നും മനസ്സിലാക്കുവാൻ സാധിക്കുന്നില്ല

3)സെലക്ഷൻ നോട്ടീസ് നൽകുന്നതിലെ കാലതാമസം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009-6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായി രേഖാമൂലമുള്ള അറിയിപ്പ്(സെലക്ഷൻനോട്ടീസ്) കരാറുകാരന് നൽകണം.എന്നാൽ പല പ്രവൃത്തി നിർവ്വഹണത്തിലും ഈ നിബന്ധന പാലിച്ചുകാണുന്നില്ല.ഉദാ:-പ്രോജക്ട്നമ്പർ 70/20,73/20 എന്നീ പ്രവൃത്തികളിൽ ഭരണസമിതി ടെണ്ടർ അംഗീകരിച്ചത് 21.08.18നാണ്. എന്നാൽ 11.09.18 ന് മാത്രമാണ് കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയക്കുന്നത്.

മേൽകാര്യങ്ങളിലുള്ള വിശദീകരണവും ക്രമനമ്പർ 1-ൽ പരാമർശിച്ച അംഗൻവാടികൾക്ക് ചുറ്റുമതിൽ പൂർത്തിയായിട്ടുണ്ടോയെന്ന വിവരവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/19.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 വെള്ളക്കരം-42 ലക്ഷത്തോളം കുടിശ്ശിക ഡിമാന്റ്- നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് 2019-20 വർഷംഅനുവദിച്ച വികസനഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് തന്നെ 140/20, 141/20 പ്രൊജക്ടുകളിലായി 66,106/- രൂപ കേരളവാട്ടർഅതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ നൽകുവാനായി കുറവ് വരുത്തിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ജപ്പാൻകുടിവെള്ളപദ്ധതി വഴി കുടിവെള്ള വിതരണം വ്യാപകമായതിനാൽ ഗ്രാമപഞ്ചായത്തിന് നിലവിലുള്ളത്രയും വാട്ടർഅതോറിറ്റിയുടെ പൊതുടാപ്പുകളുടെ ആവശ്യമില്ലെന്നും 36 എണ്ണം മാത്രം നിലനിർത്തി ആയതിന്റെ വെള്ളക്കരം നിജപ്പെടുത്തണമെന്നും 2015 മുതൽ നിരവധി തവണ ഗ്രാമപഞ്ചായത്ത് കേരളവാട്ടർഅതോറിറ്റിയോട് രേഖാമൂലം ആവശ്യപ്പെട്ടുവരുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്നും തുടർനടപടികൾ ഉണ്ടായിട്ടില്ല.നിലവിൽ, 04.03.21-ലെ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 89 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത നോട്ടീസ് പ്രകാരം 41,55,427/- രൂപ കുടിശ്ശികയും 81,524/- രൂപ പിഴയുമാണ്.36 ടാപ്പുകൾക്ക് മാത്രം 2015 മുതൽ ഗ്രാമപഞ്ചായത്ത് തുക ഒടുക്കുകയും ഒഴിവാക്കുവാൻ ആവശ്യപ്പെട്ട ടാപ്പുകൾക്കുൾപ്പെടെ മുഴുവൻ ടാപ്പുകൾക്കും വാട്ടർ അതോറിറ്റി തുക ഡിമാന്റ് ചെയ്യുതുമാണ് ഇത്രയും ഭീമമായ കുടിശ്ശിക വരാൻ കാരണം. ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രമേ തുക നൽകുന്നുള്ളൂവെന്ന് ഉറപ്പുവരുത്തേണ്ടതും കുടിശ്ശിക വിഷയം തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-27 വാഹനപരിപാലനത്തിൽ സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ചുമതലയാണ്. ഗ്രാമപഞ്ചായത്ത് വാഹനമായ കെഎൽജി-9994 രജിസ്ട്രേഷൻ നമ്പറുള്ള ബൊലോറ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1.ജി ഒ (എം എസ്)170/2007 തസ്വഭവ തീയതി 30.06.2007 പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാപരിശോധന ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിക്കേണ്ടതും ഇത് സംബന്ധിച്ച ഒരു സാക്ഷ്യപത്രം ലോഗ്ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. ആയത് ലോഗ് ബുക്കിൽ പതിപ്പിച്ചുകാണുന്നില്ല.

2.വാഹനത്തിന്റെ ലോഗ് ബുക്ക് കസ്റ്റോഡിയൻ ഓഫീസർ ഇടക്കിടെ പരിശോധിക്കേണ്ടതും വാഹന ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധന വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ലോഗ് ബുക്കിൽ കസ്റ്റോഡിയൻ ഓഫീസറെന്ന നിലയിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

3.ഓരോ യാത്രയും ഡ്രൈവർ യാഥാസമയം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ആയത് യാത്ര ചെയ്ത ആൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ പലയാത്രകളും ബന്ധപ്പെട്ട വ്യക്തികൾ സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ:- 24-09-19ലെ അസിസ്റ്റന്റ്എഞ്ചിനീയറുടെ യാത്ര,29-10-19ലെ ഓവർസിയറുടെ യാത്ര,16-03-20ലെ സെക്രട്ടറിയുടെ യാത്ര

4.ഓരോമാസവും ഇന്ധനയുപയോഗം സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെക്കുറിച്ചുമുള്ള സംക്ഷിപ്തകുറിപ്പ് ലോഗ് ബുക്കിൽ അതാത് മാസാന്ത്യത്തിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ലോഗ് ബുക്കിൽ മാസാന്ത്യസംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

വാഹനപരിപാലനത്തിൽ സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-28 ലൈബ്രറിസെസ് സമയബന്ധിതമായി ഒടുക്കിയിട്ടില്ല.

കേരള പബ്ലിക്ക് ലൈബ്രറീസ് (കേരളഗ്രന്ഥശാലസംഘം) അമെൻഡ്മെന്റ് ആക്ട് 2000(1989ലെ കേരളഗ്രന്ഥശാല സംഘംആക്ട് സെക്ഷൻ48 ഭേദഗതി) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് സമയബന്ധിതമായി ഗ്രന്ഥശാല സംഘത്തിന് ഒടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ (എൽ) വകുപ്പ് 20-09-2006 ൽ പുറപ്പെടുവിച്ച 10088/എൽ 3/05 തസ്വഭവ നമ്പർ മാർഗ്ഗനിർദേശം അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുത്ത തുക ഓരോ വർഷവും രണ്ടു ഗഡുക്കളായി (എപ്രിൽ30നകവുംസെപ്തംബർ30നകവും) സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടയ്ക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തിലെ വാർഷികധനകാര്യപത്രികകൾ പരിശോധിച്ചതിൽ കോർപ്പറേഷൻ 2019-20 സാമ്പത്തികവർഷം ലൈബ്രറിസെസ് ഒടുക്കിയതായി കാണുന്നില്ല.വിശദവിവരംചുവടെ കൊടുക്കുന്നു.

| 31.03.2019ലെ നീക്കിയിരിപ്പ് B-9(2019-20) | 2019-20ലെ വരവ് (RP 29) | ആകെ | 2019-20 ൽ ഒടുക്കിയത് (RP -29) | 31.03.2020 ലെ നീക്കിയിരിപ്പ് (B-9(2019-20) |
|---|---|---|---|---|
| 97329 | 99263 | 196592 | 0 | 197092* |

യഥാർത്ഥത്തിൽ നീക്കിയിരിപ്പായി വരേണ്ടുന്ന തുക 1,96,592/- രൂപയാണ്. 1,97,092/- രൂപ നീക്കിയിരിപ്പായി രേഖപ്പെടുത്തിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ലൈബ്രറി സെസ് സമയബന്ധിതമായി ഒടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 04.03.2021 മുതൽ 05.03.2021 വരെ | കെ.എസ്.എ/ കെ.എൻ.ആർ/ സി-3/423/20-തിയ്യതി - -04-2021 |

## 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവനനിർമ്മാണം(ജനറൽ) | 5,50,000 | 5,50,000 | 0 |
| | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,90,000 | 1,90,000 | 0 |
| | പാലുൽപാദന സബ്സിഡി | 46,000 | 46,000 | 0 |
| | നെൽകൃഷി വികസന പദ്ധതി | 5,27,000 | 5,27,000 | 0 |
| | പച്ചക്കറി വികസനം(വനിത ഗ്രൂപ്പുകൾക്ക്) | 42,500 | 25,840 | 16,660 |
| | പി .എച്ച്. സി കെട്ടിടവിപുലീകരണം | 5,00,000 | 0 | 5,00,000 |
| | മാണുക്കര വി.സി.ബി റിപ്പയറിംഗ് | 1,60,000 | 65,346 | 94,654 |
| | കൈപ്പാട് നെൽകൃഷി വികസനം | 5,00,000 | 5,00,000 | 0 |
| ജില്ലാപഞ്ചായത്ത് | ലൈഫ് ഭവനനിർമ്മാണം(ജനറൽ) | 39,48,015 | 13,08,015 | 0 |
| | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത നൽകൽ | 1,90,000 | 1,90,000 | 0 |
| | പാലുൽപ്പാദന സബ്സിഡി | 1,50,000 | 30669 | - |
| | നെൽകൃഷി വികസന പദ്ധതി | 14,79,000 | 14,79,000 | 0 |
| | ഉഴുന്നുകൃഷി വികസനം | 1,00000 | 1,00000 | |
| | പച്ചക്കറി വികസനം(വനിത ഗ്രൂപ്പുകൾക്ക്) | | 51,680 | |
| | കൈപ്പാട് നെൽകൃഷി വികസനം | | 48,90,000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവധ സ്ഥലങ്ങളിലെ ഇലക്ട്രിക് പോസ്റ്റ്, ട്രാൻസ്ഫോർമർ മാറ്റിവെക്കൽ | 21900888/ 31.03.2020 | 44481/- | 44481/- | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെയും തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 2019-20 | ലൈഫ് ഭവനപദ്ധതി | | 960000 | 161765 | | 798235 |

.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം/ ഷെയർ | 2,20,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 2,20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം/ഷെയർ | 2,20,000 |

<u>വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ രണ്ട് ബി ക്ലാസ് ഷെയറുകൾ- മെമ്പർ നമ്പർ 121, സർട്ടിഫിക്കറ്റ് നമ്പർ 4432 തീയതി 09.05.2015 | ₹ 20,000 |
| കേരള ഗ്രാമീൺ ബാങ്ക് - കസ്റ്റമർ ഐ ഡി -410461145 (സ്ഥിരനിക്ഷേപം) | ₹2,00,000 |
| ആകെ | ₹2,20,000 |

സ്ഥിരനിക്ഷേപത്തിന്റെ പലിശ കേരള ഗ്രാമീൺ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം

മുതൽ മാത്രം പുതുക്കി നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃതഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ്റിപ്പോർട്ടുകളിൽ കേരളലോക്കൽഫണ്ട്ഓഡിറ്റ്നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡികനമ്പർ | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2007-08 | 3-1-61 | 2002-03 | 3-9 | ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ | വിവരം ലഭ്യമാക്കിയിട്ടില്ല |
| 2016-17 | 2 | 2014-15 | 2-1 | തൊഴിൽ നികുതി | വിവരം ലഭ്യമാക്കിയിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,27,29,003 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,10,51,159 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,67,584 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 5,500 | ഡോ.സമീർ.കെ, വെറ്ററിനറി സർജൻ |
| 1-21 | 55,444 | ശ്രീ രാജേഷ് ,ഫിഷറീസ് സബ്ഇൻസ്പെക്ടർ |
| 1-22 | 1,06,640 | ശ്രീ ബാലകൃഷ്ണൻ.ടി.വി,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സമീർ കെ, വെറ്ററിനറി സർജൻ | വെറ്ററിനറി ഡിസ്പെൻസറി, പരിയാരം | കൊടിയിൽ ഹൗസ്, ചെങ്ങളായി |
| ശ്രീ ബാലകൃഷ്ണൻ ടി.വി, സെക്രട്ടറി | മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് | തെക്കേവീട്, പി ഒ പാപ്പിനിശ്ശേരിവെസ്റ്റ് ,കണ്ണൂർ |
| ശ്രീ രാജേഷ് | ഫിഷറീസ് സബ്ഇൻസ്പെക്ടർ | ഫ്ലാറ്റ് -1എ, ഗാലക്സി അപാർട്ട്മെന്റ്,കോഴിക്കോട് |

## 4-11 ദ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 (പദ്ധതിയേതരം) | കെഎസ്എ/ കെഎൻആർ/സി13-740/19 തീയതി 07.06.19 | 1 |
| 2001-02 (പദ്ധതിയേതരം) | കെ.എസ്.എ/ കെ.എൻആർ./സി13-740/19 തീയതി 07.06.19 | 1 |
| 2002-03 | കെ.എസ്.എ/ കെ.എൻആർ./സി13-740/19 തീയതി 07.06.19 | 1 |
| 2006-07 | കെ.എസ്.എ/ കെ.എൻആർ./സി13-740/19 തീയതി 07.06.19 | 1 |
| 2007-08 | കെ.എസ്.എ/ കെ.എൻആർ./സി13-740/19 തീയതി 07.06.19 | 1 |
| 2010-11 | കെ.എസ്.എ/ കെ.എൻആർ./സി13-740/19 തീയതി 07.06.19 | 1 |
| 2011-12,12-13 | കെ.എസ്.എ/ | 6 |

| | | |
|---|---|---|
| | കെ.എൻആർ./സി13-740/19 തീയതി 07.06.19 | |
| 2013-14,14-15 | കെ.എസ്.എ/ കെ.എൻആർ./സി13-740/19 തീയതി 07.06.19 | 5 |
| 2015-16 | കെ.എസ്.എ/ കെ.എൻആർ./സി13-740/19 തീയതി 07.06.19 | 8 |
| 2016-17 | കെ.എസ്.എ/ കെ.എൻആർ./സി13-740/19 തീയതി 07.06.19 | 10 |
| 2017-18 | കെ.എസ്.എ/ കെ.എൻആർ./സി13-513/19 തീയതി 15.01.19 | 18 |
| 2018-19 | കെ.എസ്.എ/ കെ.എൻ.ആർ/ സി13/311/2020 തീയതി 12.06.2020 | 26 |

ഡെപ്യൂട്ടി
ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Pattuvam Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7719468.47 |
| Cash | Cash | RP-40(a) | 4270.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 568930.00 |
| 130000000 | Rental income from Panchayat Properties | RP-3 | 45000.00 |
| 140000000 | Fees & User Charges | RP-4 | 196148.00 |
| 150000000 | Sale & Hire Charges | RP-5 | 164716.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 22745339.00 |
| 171000000 | Interest Earned | RP-9 | 212545.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6191963.00 |
| 350000000 | Other Liabilities | RP-36 | 52570.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 4362.00 |
| 311000000 | Earmarked Funds | RP-29 | 3162.00 |
| 340000000 | Deposits Received | RP-34 | 53824.00 |
| 350000000 | Other Liabilities | RP-36 | 138946.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2277331.00 |
| 460000000 | Loans, Advances and Deposits | RP-47 | 74167.00 |
| | Grand total | | 40452741.47 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2791982.00 |
| 220000000 | Administrative Expenses | RP-12 | 922498.00 |
| 230000000 | Operations & Maintenance | RP-13 | 598349.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4730914.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 8615703.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 512282.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 218374.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 180920.00 |
| 255000000 | Maintenance Projects | RP-20 | 2639716.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -483040.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 237579.00 |
| 350000000 | Other Liabilities | RP-36 | 4382665.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 14573.00 |
| 311000000 | Earmarked Funds | RP-29 | 18000.00 |
| 340000000 | Deposits Received | RP-34 | 9440.00 |
| 350000000 | Other Liabilities | RP-36 | 1230964.00 |
| 410000000 | Fixed Assets | RP-38 | 1283914.00 |
| 412000000 | Capital work in Progress | RP-40 | 2505846.00 |
| 460000000 | Loans, Advances and Deposits | RP-47 | 640480.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9390256.47 |
| Cash | Cash | RP-40(b) | 11326.00 |
| | Grand Total | | 40452741.47 |

## Annex3-2

## ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്സ്

| Pattuvam Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2718012.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 177000.00 |
| 140000000 | Fee & User Charges | I-4(b) | 261298.00 |
| 150000000 | Sale & Hire Charges | I-5(b) | 164716.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 46716326.00 |
| 171000000 | Interest Earned | I-8 | 212545.00 |
| 180000000 | Other Income | I-9 | 4362.00 |
| | Total Income | | 50254259.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7875341.00 |
| 220000000 | Administrative Expenses | I-11(b) | 947498.00 |
| 230000000 | Operations & Maintenance | I-12(b) | 664455.00 |
| 240000000 | Interest & Finance Charges | I-13 | 14573.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4730914.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 14968649.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 512282.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 218374.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 13296620.00 |
| 255000000 | Maintenance Projects | I-14(e) | 2639716.00 |
| 270000000 | Provisions and Write off | I-16 | 4407.00 |
| 272000000 | Depreciation | I-17(a) | 4044732.00 |
| | Total Expenditure | | 49917561.00 |
| | Gross Surplus/ Deficit of income over Expenditure | | 336698.00 |
| 280000000 | Prior Period Item | I-18 | -1781762.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2118460.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| Pattuvam Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As On 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 11969554.47 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 92528.00 |
| 312000000 | Reserves | B-3 | 34347884.00 |
| | Total Reserve & Surplus | | 46409966.47 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4744994.00 |
| | Total Grants, Contributions for Specific Purposes | | 4744994.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 798235.00 |
| | Total Loans | | 798235.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 805881.00 |
| 350000000 | Other Liabilities | B-9 | 855893.00 |
| | Total Current Liabilities and Provisions | | 1661774.00 |
| | TOTAL LIABILITIES | | 53614969.47 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 59060069.00 |
| 411000000 | Accumulated Depreciation | B-11 | -15651287.00 |
| 412000000 | Capital Work in Progress | B-11(a) | 80577.00 |
| | Total Fixed Assets | | 43489359.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 220000.00 |
| | Total Investments | | 220000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 81233.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 9401582.47 |
| 460000000 | Loans, Advances and Deposits | B-18 | 422795.00 |
| | | | |

| | |
|---|---|
| Total Current Assets, Loans and Advances | 9905610.47 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 53614969.47 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.